# അപ്പോഴതൊരു സ്വപ്നസൗധമാകും

വി.ആർ. രാജമോഹൻ

**ആസ്ത്രേലിയ, സൗദിഅറേബ്യ, യു.എ.ഇ, ഖത്തർ തുടങ്ങിയ സ്ഥലങ്ങളിലെ കാഴ്ചക്കാരെ വിസ്മയിപ്പിക്കുന്ന മണിസൗധങ്ങൾ പലതും ഒരു കൊച്ചിക്കാരൻെറ ഭാവനയിൽ വിരിഞ്ഞതാണെന്ന് മലയാളികൾപോലും അറിയുന്നില്ലല്ലോ!**

ആകാശംതൊട്ടു നിൽക്കുന്ന സൗധങ്ങൾക്ക് ജൂഡ്സൺ ഒരു പൊട്ടു ചാർത്തുകയേ വേണ്ടു; അപ്പോഴതൊരു സ്വപ്നസൗധമാകും. കൊച്ചി ചുള്ളിക്കൽ പുത്തൻപറമ്പിൽ റാഫേലിൻെറയും ഫിലോമിനയുടെയും മകനായ ജൂഡ്സൺ സിവിൽ എഞ്ചിനീയറോ ആർക്കിടെക്റ്റോ ഒന്നുമല്ല. ഡ്രാഫ്റ്റ്സ്മാൻ സിവിൽ പരിശീലനത്തിൻെറ വെറുമൊരു സർട്ടിഫിക്കറ്റുപോലുമില്ല ഈ 39 കാരന്. പക്ഷേ, ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ തലയുയർത്തിനിൽക്കുന്ന മനോഹരങ്ങളായ അംബരചുംബികളുടെ ആർക്കിടെക്റ്റ് വിഷ്വലൈസറാണ് ജൂഡ്സൺ എന്നറിയുക. കൊച്ചിയിലും ദുബൈയിലുമായി 'പറന്നു നടന്നാണ്' ഈ കലാകാരൻ തൻെറ സ്വപ്ന സൗധങ്ങൾക്ക് രൂപം കൊടുക്കുന്നത്. ആസ്ത്രേലിയ, സൗദിഅറേബ്യ, യു.എ.ഇ, ഖത്തർ തുടങ്ങിയ സ്ഥലങ്ങളിലെ കാഴ്ചക്കാരെ വിസ്മയിപ്പിക്കുന്ന മണിസൗധങ്ങൾ പലതും ഒരു കൊച്ചിക്കാരൻെറ ഭാവനയിൽ വിരിഞ്ഞതാണെന്ന് മലയാളികളോ മറ്റ് വിനോദസഞ്ചാരികളോ അറിയുന്നില്ലെന്നുമാത്രം.



ജൂഡ്സൺ

കൊച്ചിയിലെ വീഗാലാൻറ് മുതൽ ദുബൈ സബീൻ കൊട്ടാരത്തിലെ അസ്‌ലം മുഹ്‌യിദ്ദീൻെറ വീടുവരെ നൂറുകണക്കിന് കെട്ടിടങ്ങളുടെ അകത്തും പുറത്തും ജൂഡ്സൻെറ കലയുണ്ട്. perspectivedesign.com എന്ന വെബ് സൈറ്റിൽ ക്ലിക്കുചെയ്താലറിയാം ഈ യുവാവിൻെറ പ്രതിഭ.

ദോഹയിലെ ഒരു സ്റ്റുഡിയോയിൽ സഹായിയായി ജോലി തേടിയെത്തിയ ജൂഡ്സൻെറ കൗമാരം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. അത്യധികം യാതനകൾ അനുഭവിച്ചറിഞ്ഞ ഈ യുവാവിന് മാർഗദീപമായത് പ്രമുഖ ഈജിപ്ഷ്യൻ ആർക്കിടെക്റ്റായ മേദത്ത് എം. ഉസ്മാനാണ്. ദുബൈയിലെ ഉന്നത ഉദ്യോഗസ്ഥനായ അസ്‌ലം മുഹ്‌യിദ്ദീനും ജൂഡ്സൻെറ കഴിവുകൾ തിരിച്ചറിഞ്ഞു. തൻെറ ജന്മവാസനയായ ചിത്രരചനയും ക്ലേമോഡലിംഗുമാണ് ജൂഡ്സണെ ഉയരങ്ങളിലേക്ക് വഴിനടത്തിയത്.

എറണാകുളത്ത് സഹോദരൻ അയ്യപ്പൻ റോഡിലെ ചോയ്സ് ടവറിലാണ് ജൂഡ്സണെന്ന ആർക്കിടെക്റ്റ് വിഷ്വലൈസറുടെ കൈയൊപ്പ് ആദ്യമായി പതിയുന്നതെന്ന് പറയാം. കൊച്ചിക്ക് പുതിയൊരു ദൃശ്യഭാവമായിരുന്നു ഈ കെട്ടിടം.

പിന്നീട് മറൈൻ ഡ്രൈവിൻെറ തിലകക്കുറിയായി മാറിയ ഫെഡറൽ ബാങ്കിൻെറ ഫെഡറൽ ടവേഴ്സിൻെറ രൂപഭംഗിക്ക് പിന്നിലും ഈ യുവാവിൻെറ കലാബോധമാണ് പ്രവർത്തിച്ചത്.



ഗോഥിക്, റോമൻ, പേർഷ്യൻ വാസ്തുശിൽപകലകളുടെ സ്വാധീനം ജൂഡ്സൻെറ ഓരോ നിർമിതിയിലും ദൃശ്യമാണ്. കെട്ടിടങ്ങളുടെ പ്ലാനിൻെറ ദ്വിമാന സ്വഭാവത്തിന് ത്രിമാന ദൃഷ്ടി നൽകുന്നിടത്താണ് ഒരു ആർക്കിടെക്റ്റ് വിഷ്വലൈസറുടെ വിജയമെന്ന് ജൂഡ്സൺ വിശ്വസിക്കുന്നു.

അനുദിനം വികസിക്കുന്ന കൊച്ചിയിൽ ഇനിയങ്ങോട്ടുള്ള പല വമ്പൻ പ്രോജക്ടുകളുടെയും പിന്നിൽ ജൂഡ്സണുണ്ട്. എം.ജി റോഡിൽ എ ടു ഇസഡ് ഗ്രൂപ്പ് സ്ഥാപിക്കുന്ന കപ്പൽ മാതൃകയിലുള്ള ബഹുനില സമുച്ചയത്തിനും മറൈൻഡ്രൈവിൽ നിർമാണം പൂർത്തിയായി വരുന്ന കേരള ചേംബർ ഓഫ് കൊമേഴ്സ് ആൻറ് ഇൻഡസ്ട്രിയുടെ കേരള ട്രേഡ് സെൻററിൻെറയും ആർക്കിടെക്റ്റ് വിഷ്വലൈസറാണ് ജൂഡ്സൺ. ഗൾഫ് രാജ്യങ്ങളിലൊക്കെ നഗരവീഥികൾക്ക് അഴക് പകർന്നുനിൽക്കുന്ന മനോഹരങ്ങളായ കെട്ടിടങ്ങൾ ഇനി അറബിക്കടലിൻെറ റാണിക്കും ജൂഡ്സണിലൂടെ സ്വന്തമാകുകയാണ്. ഡിക്സിയാണ് ജൂഡ്സൻെറ സഹധർമിണി. മക്കൾ: ടാനിയ, നീരജ.